പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1653

04-12-2015 ൽ മറുപടിക്ക്

കയ്പാട് കൃഷി വികസനം

ചോദ്യം

ശ്രീ.റ്റി.വി.രാജേഷ്

ഉത്തരം

ശ്രീ.കെ.പി. മോഹനൻ

(കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) കണ്ണൂർ ജില്ലയിലെ പട്ടുവം, ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നീ പരമ്പരാഗത കയ്പാട് കൃഷിയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ സ്ഥലം സന്ദർശിച്ച് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ; ഇത് സംബന്ധിച്ച് കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കണ്ണൂർ ജില്ലയിലെ പട്ടുവം, ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നിവിടങ്ങളിലെ കൃഷിയുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് കെ.എൽ.ഡി.സി സമർപ്പിച്ച പദ്ധതി റിപ്പോർട്ട് നബാർഡിന്റെ RIDF XXI സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) കയ്പാട് സമഗ്ര കൃഷി വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച വിശദമായ പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; കയ്പാട് സമഗ്ര കൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | കയ്പാട് സമഗ്ര കൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകാൻ 11-11-2015 ൽ കൂടിയ യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ഈ വിഷയത്തിലുള്ള കൂടുതൽ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ